പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 317 — 09.04.2013 -ൽ മറുപടിയ്ക്ക്

## അനധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സ്ക്കൂളുകളിലെ അനധ്യാപകർക്കുള്ള പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) അനധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അംഗീകാരവും ശമ്പളവും ഇല്ലാതെ സർവ്വീസിൽ തുടരുന്നവരെയാണ് അനധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2006-07 മുതൽ കുട്ടികളുണ്ടെങ്കിലും നിയമനാംഗീകാരവും ശമ്പളവുമില്ലാതെ തുടരുന്ന എയ്ഡഡ് സ്ക്കൂളുകളിലെ അനധ്യാപകരെ സംരക്ഷിക്കുന്നതിനാണ് അനധ്യാപകർക്കായി പാക്കേജ് നടപ്പിലാക്കിയത്. |
| (സി) പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) 25.03.2013-ലെ (പി)108/13/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനധ്യാപക പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്ക്കൂളുകളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുവരുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട 182 അനധ്യാപക ജീവനക്കാരെ |

(..............2)

യാണ് പാക്കേജിൽ ഉൾപ്പെടുത്തിയി - ട്ടുള്ളത്. ഇവരുടെ യോഗ്യത സംബന്ധിച്ചും റഗുലർ തസ്തികയാ- ണോയെന്നതു സംബന്ധിച്ചും പരിശോധിച്ചശേഷം അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ 01.06.2011 മുതൽ അംഗീകാരം നൽകുന്നതാണ്. അദ്ധ്യാപകർക്ക് പാക്കേജ് വഴി ലഭ്യമാകുന്ന സർവ്വീസ് ആനുകൂല്യങ്ങൾ അനദ്ധ്യാപകർക്കും ലഭ്യമാകുന്നതാണ്.

(ഡി) ഇത് എന്ന് മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 01.06.2011 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് അനധ്യാപക പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചത്.

സെക്ഷൻ ഓഫീസർ